## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1468 — 11.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന സീസണോടനുബന്ധിച്ച് ബോട്ടുകൾ കെട്ടുന്നതിനും മറ്റും വിഴിഞ്ഞം ഹാർബർ ബെയ്സിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി; | (എ) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ ഭാഗത്ത് മത്സ്യബന്ധന സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കലക്ടറുടെ നേതൃത്വത്തിലുള്ള ഉന്നതതലയോഗം എന്നാണ് വിളിച്ച ചേർത്തത്; | (ബി) | 31/05/2019 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് യോഗം കൂടുകയുണ്ടായി. |
| (സി) | മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷ മുൻനിറുത്തിയുള്ള സുരക്ഷാകിറ്റിന്റെ വിതരണം പൂർത്തിയാക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ; | (സി) | 2018-19 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 'കടൽ സുരക്ഷ', 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതികൾ പ്രകാരം 9 തീരദേശ ജില്ലകളിലുമായി മത്സ്യത്തൊഴിലാളികൾക്ക് ആകെ 566 ജി.പി.എസ്-കളും 1132 ലൈഫ് ബോയകളും നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 40000 എണ്ണം ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ 30000 എണ്ണം ലൈഫ് ജാക്കറ്റുകളും 9 തീരദേശ ജില്ലകളിലായി വിതരണം നടത്തി വരുന്നു. അതോടൊപ്പം 'നാവിക്' ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. തിരുവനന്തപുരം ജില്ലയിൽ 5420 ലൈഫ് ജാക്കറ്റുകളും 412 നാവിക് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും പദ്ധതികൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ 25 |

| | | | |
|---|---|---|---|
| | | | ജി.പി.എസ്-കളും, 50 ലൈഫ് ബോയകളും വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ ലൈഫ് ജാക്കറ്റുകളും നാവിക് ഉപകരണങ്ങളും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| (ഡി | മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്ക് മുൻതൂക്കം നൽകി തീരത്ത് സുരക്ഷയൊരുക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ? | (ഡി) | കടൽ രക്ഷാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 7.15 കോടി രൂപ അനുവദിച്ചു. ഇവർക്ക് കേന്ദ്ര സ്ഥാപനമായ ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന National Institute of Water Sports-ൽ അയച്ച് പ്രത്യേക പരിശീലനമാണ് നൽകുന്നത്. ഇതുവരെ 317 പേരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**